പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1145 — 10/08/2017 -ൽ മറുപടിയ്ക്ക്

# സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികൾ എത്രയാണ്; കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടോ; സർക്കാർ/എയ്ഡഡ് മേഖല തിരിച്ച് വിശദാംശം നൽകുമോ;

(എ) ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ ആറാം പ്രവൃത്തിദിന കണക്ക പ്രകാരം 261731 കുട്ടികൾ ചേർന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 12198 കുട്ടികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സർക്കാർ/എയ്ഡഡ് മേഖല തിരിച്ച് വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | ആകെ |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | |
| 2017-18 | 96913 | 164818 | 261731 |
| 2016-17 | 91210 | 158323 | 249533 |
| വർദ്ധനവ് (2017-18) | 5703 | 6495 | 12198 |

(ബി) സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ രണ്ടു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് പറയാമോ; ഉണ്ടെങ്കിൽ ഓരോ ക്ലാസ്സിലും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പുതുതായി ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായ വ്യത്യാസം എത്രയെന്ന് വെളിപ്പെടുത്തുമോ?

(ബി) സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ രണ്ടു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഓരോ ക്ലാസ്സിലും കഴിഞ്ഞ വർഷത്തെ താഴ്ന്ന ക്ലാസ്സിൽ നിന്നും പ്രമോഷൻ കിട്ടിയിട്ടുള്ള വിദ്യാർത്ഥികളുടെ കൂടെ പുതുതായി ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡേർഡ് | പുതിയതായി ചേർന്ന കുട്ടികൾ |
|---|---|
| II | 10103 |
| III | 9911 |
| IV | 8575 |
| V | 40385 |
| VI | 14256 |

| | |
|---|---|
| VII | 9504 |
| VIII | 30083 |
| IX | 22391 |
| ആകെ | 145208 |

മുകളിൽ പറഞ്ഞിട്ടുള്ള പ്രകാരം പത്താം ക്ലാസ്സിൽ 2016-17 വർഷത്തെ അപേക്ഷിച്ച് 2017-18 വർഷത്തിൽ 841 കുട്ടികളുടെ കുറവുണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ